## മരുന്നുകളുടെ ഗുണനിലവാരം

**16 (*226)** ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കപ്പെടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തു സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പ്രതിവർഷം വിവിധ ബ്രാൻഡുകളിലായി എത്ര ബാച്ച് മരുന്നുകൾ വിറ്റഴിക്കപ്പെടുന്നുണ്ട് ; ഇതിൽ എത്ര ബാച്ച് മരുന്നുകളുടെ ഗുണനിലവാര പരിശോധന പ്രതിവർഷം നടത്താൻ കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി വകുപ്പിൽ രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവയാണ് പ്രസ്തുത ലാബുകൾ.

(സി) സംസ്ഥാനത്ത് പ്രതിവർഷം ഉദ്ദേശം 2.4 ലക്ഷം ബാച്ച് മരുന്നുകൾ വിറ്റഴിക്കപ്പെടുന്നുണ്ട് എന്നാണ് കണക്ക്. ഇതിൽ ഏകദേശം 3 ശതമാനമാണ് റാൻഡം സാംപ്ലിംഗ് നടത്തി ഗുണനിലവാര പരിശോധനയ്ക്കായി ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് അയയ്ക്കുന്നത്.

(ഡി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി നിലവിൽ തിരുവനന്തപുരത്തും എറണാകുളത്തുമായി രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൃശ്ശൂർ, കോഴിക്കോട്, പത്തനംതിട്ട എന്നിവിടങ്ങളിൽ മൂന്ന് ലാബുകൾകൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചുവരുന്നു. തൃശ്ശൂരിൽ ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ടയിൽ ലാബ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

## ഗ്രാമീണ മേഖലയിൽ വിനോദസഞ്ചാര പദ്ധതികൾ

**17 (*227)** ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഗ്രാമീണ മേഖലയുടെ സാധ്യതകൾ മുതൽക്കൂട്ടാൻ വിനോദസഞ്ചാര വകുപ്പ് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ബി) ഇതിനായി ഗ്രാമീണ മേഖലയിൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഓരോ ജില്ലയിലും ഒരു ഗ്രാമം വീതമെങ്കിലും തനിമ നഷ്ടപ്പെടാത്തവിധം, പുരാതന ശേഷിപ്പുകളും ജീവിതരീതികളും പരമാവധി നിലനിർത്തി സ്ഥിരം വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന ടൂറിസം വികസന പദ്ധതികളിൽ നല്ലൊരു പങ്ക് ഗ്രാമീണ മേഖലയുടെ സാധ്യതകൾ കേന്ദ്രീകരിച്ചുള്ളതാണ്. ഉത്തരവാദിത്ത ടൂറിസം പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന 'മൈ വില്ലേജ് എ ടൂറിസം ഫ്രണ്ട്ലി വില്ലേജ്' എന്നീ പദ്ധതികൾ ഗ്രാമീണ മേഖലയുടെ സാധ്യതകൾ മുതൽക്കൂട്ടാൻ ഉദ്ദേശിച്ചുള്ളതാണ്. ഇതുകൂടാതെ മിഷൻ 676-ന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന God's Own

LIBRARY ARCHIVES Kerala Legislative Assembly